# കേരള കാർഷിക സർവ്വകലാശാല

## കാലാവസ്ഥാ വ്യതിയാന ഗവേഷണ കേന്ദ്രം, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ:0487 2371931, 2373938)

**E mail: kauagmet@yahoo.co.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ വിഭാഗം, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 05/12**

**തീയ്യതി 31.01.12**

## കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 31.9 മുതൽ 33.2 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 19.5 മുതൽ 21.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 57 മുതൽ 80 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 29 മുതൽ 36 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 6.1 മുതൽ 11.1 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനംപ്രതി 8.6 മുതൽ 10.2 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 4.9 മുതൽ 6.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 01.02.12 ബുധൻ | 02.02.12 വ്യാഴം | 03.02.12 വെള്ളി | 04.02.12 ശനി | 05.02.12 ഞായർ |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 22 | 22 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട്) | 3 | 3 | 4 | 4 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 81 | 82 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 42 | 44 | 39 | 44 | 45 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/ മണിക്കൂർ ) | 006 | 006 | 006 | 005 | 005 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 50 | 90 | 90 | 90 | 320 |

## വിളകളുടെ സ്ഥിതി:

മുണ്ടകൻ നെല്ലിൽ വിളവെടുപ്പ് തീർന്നു. ചില സ്ഥലങ്ങളിൽ പുഞ്ചകൃഷിക്കുള്ള നിലമൊരുക്കൽ ആരംഭിച്ചു. നേന്ത്രൻ വാഴ നട്ട് 4 മാസമായി. തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയവയിൽ പുതയിടുന്ന സമയമാണ്.

## കാർഷിക നിർദ്ദേശങ്ങൾ:

വഴുതന, തക്കാളി, മുളക് എന്നിവയിൽ വൈറസ്സിന്റെ ആക്രമണം മൂലം ഇലകൾ ചെറുതാവുന്ന ഒരു രോഗം കാണാറുണ്ട്, ഈ രോഗം ബാധിച്ച ചെടികൾ ഉടനടി പിഴുതുമാറ്റേണ്ടതാണ്.

തെങ്ങിൽ കാണുന്ന കോറിഡ്ബഗ് എന്ന പൂങ്കുലച്ചാഴി മച്ചിങ്ങ, വെള്ളയ്ക്ക എന്നിവയിൽ നിന്ന് നീരൂറ്റി കുടിയ്ക്കുകയും കുത്തേറ്റ ഭാഗം കരിഞ്ഞ് ചെറു വിള്ളലായി തീരുകയും ചെയ്യുന്നു. തുടർന്ന് അവ കൊഴിയുന്നു. ഇതിന്റെ ഉപദ്രവം കാണുന്ന തെങ്ങുകളിൽ സെവിൻ (50%) നാലു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ സ്പ്രേ ചെയ്യുക.

വാഴയിലെ തടതുരപ്പൻ പുഴുവിനെതിരെ കിനാൽഫോസ് 0.05% അഥവാ കാർബാറിൽ 0.02% എന്നീ കീടനാശിനികളിലേതെങ്കിലും ഒന്ന് പുറം ഭാഗത്തുള്ള വാഴപ്പോളകൾ അടർത്തിയെടുത്തതിനുശേഷം മുകൾഭാഗത്ത് നടുനാമ്പിൽ തുടങ്ങി പുറം ഭാഗത്ത് കവിളുകളിലും നല്ലതുപോലെ എത്തും വിധം ഒഴിക്കുക. കടഭാഗത്തെ മണ്ണിൽ കീടനാശിനി ഒഴിച്ചു കൊടുക്കുകയും വേണം. ആക്രമണം നിലനിൽക്കുന്നുണ്ടെങ്കിൽ മൂന്നാഴ്ച്ചക്കുശേഷം ഒരിക്കൽക്കൂടി ഇത് ആവർത്തിക്കാം.

കാബേജ്, കോളിഫ്ളവർ മുതലായ ശീതകാല പച്ചക്കറികളിൽ ഇലകളെ തിന്നുന്ന കീടങ്ങളെ നശിപ്പിക്കാൻ 3% വീര്യമുള്ള വേപ്പെണ്ണ ലായനി ഉപയോഗിക്കാം. കർഡ് കണ്ടുതുടങ്ങുന്നതുമുതൽ എല്ലാ ആഴ്ച്ചയും സ്യൂഡോമോണാസ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിതളിച്ചു കൊടുക്കുന്നത് കർഡിനെബാധിക്കുന്ന ബാക്ടീരിയൽ സോഫ്റ്റ്റോട്ട് എന്ന അഴുകൽരോഗം വരാതിരിക്കാൻ സഹായിക്കും. ചീര, മുളക്, വഴുതിന, തക്കാളി തുടങ്ങിയ പച്ചക്കറികളിൽ വെളുത്തുള്ളി നീര് നേർപ്പിച്ച് സ്പ്രേ ചെയ്യുന്നതു വഴി കുരുടിപ്പിനു കാരണമായ ചെറുകീടങ്ങൾ നശിക്കും. രോഗങ്ങൾക്കെതിരെ 10 ഗ്രാം സ്യൂഡോമോണസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം പച്ചചാണകം 1 ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളി തളിക്കുക